# Weekly Devotion - July 2017

## Two Covenants (രണ്ട് ഉടമ്പടികൾ)




എല്ലാ മനുഷ്യർക്കും തീരുമാനങ്ങൾ എടുക്കുവാനുള്ളസ്വാതന്ത്രം ഉണ്ട്, നല്ലതോതീയതോഎന്ന് മനസ്സിലാക്കിസ്വീകരിക്കുകയോ, തിരസ്ക്കരിക്കുകയോചെയ്യുവാനുള്ള അവകാശംഅവരവർക്കുള്ളതാണ്. ഒരിക്കൽ ധനികനായഒരുവ്യാപാരിയുടെഓഫീസ്മുറിയിൽകയറിസുഹൃത്ത് അവിടെ തൂക്കിയിട്ട ഒരുബോർഡ് കണ്ട് അതിശയിച്ചു അതിൽ

**നിങ്ങൾക്ക്വേണ്ടിയത്സ്വീകരിക്കുക.**

ഭാര്യയോമക്കളോ, മദ്യക്കുപ്പികളോ

സ്വർഗ്ഗമോ, നരകമോ

അതിശയിച്ച് നിൽകുന്ന സുഹൃത്തിനോട് വ്യാപാരി അതിന്റെ കാരണവു ംവ്യക്തമാക്കി കണക്കറ്റ സമ്പാദ്യമുണ്ടായിട്ടും ഭാര്യകരയാത്ത ഒരുദുവസവുമില്ല. മദ്യപാനിയായ പപ്പായുടെഅടുക്കലേക്ക് വരാൻ പേടിച്ച്മാറി നിൽക്കുന്ന മക്കൾ. കുഞ്ഞുമക്കളെ ഓമനിക്കുവാൻ കഴിയാത്ത വേദന, സ്വർഗ്ഗംതിരഞ്ഞെടുക്കുവാൻ എന്നെ പ്രേരിപ്പിച്ചു. അതിനായി ജീവിതത്തെ മാറ്റിയപ്പോൾ എനിക്ക് ഭാര്യയേയും മക്കളെയും തിരിച്ചുകിട്ടി. എന്നെപ്പോലെ ജീവിതം നയിച്ച ആർക്കെങ്കിലും നല്ല തീരുമാനം എടുക്കുവാൻ ഇത്സഹായകമാകട്ടെ എന്ന ചിന്തയോടെയാണ് ഇപ്രകാരംചെയ്തത്.

ന്യായപ്രമാണത്തിൽകീഴിരിപ്പാൻ ഇച്ഛരിക്കുന്നവരോട് രണ്ട് ഉടമ്പടികളെപ്പറ്റി പൗലോസപ്പോസ്തോലൻ പറയുന്നതാണ്ഗലാ: (4:21-29) വരെയുള്ളവാക്യങ്ങളിൽകാണുന്നത്. ഒന്നിനെപ്പറ്റിവിശദീകരിച്ച്മറ്റൊന്നിനെ മനസ്സിലാക്കുകയും, തിരഞ്ഞെടുപ്പ് നടത്തിമോശപ്പെട്ടതിനെ ഉപേക്ഷിപ്പാനും നമ്മെ സഹായിക്കുന്ന ഈ ഭാഗം നമുക്ക്ഒന്ന്ചിന്തിയ്ക്കാം

ഒന്നാമത്തെ ഉടമ്പടി സീനായ്മലയിൽ (പത്തു കല്പന ലഭിച്ച സ്ഥലം) നിന്നുള്ള ഉടമ്പടിയാണ് ജഢപ്രകാരം ജനിച്ച അടിമകളെ പ്രസവിക്കുന്ന സ്ത്രീ (ഹാഗാർ). ഈ ജഢികസന്തതികൾ ക്രിസ്തുവിനു പുറത്തുള്ളവരാണ്. പരിശുദ്ധാത്മാവ് ഇവർക്കില്ല. ന്യായപ്രമാണത്തിൽകീഴിരിപ്പാൻ ഇച്ഛിക്കുന്നവർആചാരനുഷ്ടാനങ്ങളേയും പ്രമാണത്തെയും മാത്രംസ്നേഹിക്കുന്നു. സത്യംഇല്ലാത്ത കപടഭക്തിക്കാരായജഢീകർ ആണിവർ. ഇവർ പുറ

മോന്യന്മാർ അകമെയോ മാലിന്യപ്പെട്ടവർ. ഇവർ പറയുന്നതല്ലാതെ പ്രവർത്തികുന്നില്ല. ഇവരുടെസ്വഭാവത്തെപ്പറ്റിയേശു പറയുന്നത് മത്തായി (23) ൽ കാണുന്നു ന്യായ പ്രമാണത്താൽആരും നീതികരിക്കപ്പെടുന്നില്ല.

ഈ ദാസ്യത്തിൽ നിന്ന്അഥവാഅടിമത്വത്തിൽ നിന്ന്രക്ഷിപ്പാൻ യേശു ക്രിസ്തുതന്റെരക്തംവീണ്ടെടുപ്പുവിലയായി നൽകിയാണ് നമ്മെ വിലയ്ക്കുവാങ്ങിയത്.ദാസിയുടെഅഥവാഅടിമയുടെമക്കൾ എന്ന അവസ്ഥയിൽ നിന്ന് ഭർത്താവുള്ളവളുടെമക്കൾ (സ്വതന്ത്രയുടെമക്കൾ) എന്ന പദവിയിലേക്ക് ഈ വീണ്ടെടുപ്പ് നമ്മെ ഉയർത്തിമക്കൾഎങ്കിൽഅവകാശികളുമാകുന്നുഎന്ന്വചനം വ്യക്തമാക്കുന്നു. മനുഷ്യരെ പ്രസാദിപ്പിച്ച്ജീവിക്കുന്നവർഒരിക്കലുംവാഗ്ദത്തത്തിൽകീഴുള്ളവരല്ലസ്വാതന്ത്ര്യത്തിനായിട്ട് ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി പട്ടം ആകാശത്ത് പറക്കുമ്പോഴും അതിന്റെ നിയന്ത്രണംചരടുപിടിച്ചിരിക്കുന്ന ആളുടെകൈകളിലാണ്ഇതുപോലെവാഗ്ദത്ത സന്തതിസ്വതന്ത്രനാണ്. എന്നാൽ നമ്മുടെ നിയന്ത്രണം ക്രിസ്തുവിന്റെകരങ്ങളിലാണ്. അതായത്സ്വതന്ത്രരാകുമ്പോഴും നാം ക്രിസ്തുവിന്റെദാസരാണ്ഇതാണ് പൗലോസ്ശ്ലോസ്തോലനും ആഗ്രഹിക്കുന്നത് ന്യായപ്രമാണത്തിൽകീഴുള്ളവർക്ക്എന്തും പറയാം, എന്തുംചെയ്യാംഅവർ പറയുന്നത് പ്രവർത്തിയിൽകാണിക്കാറുമില്ല പക്ഷേ അവസാനം നിത്യനരകത്തിലുംആയിരിക്കും.

ദാസിയുടെമകനോ, സ്വതന്ത്രയുടെമകനോ ഏതാണ് ഉടമ്പടികളിൽ നല്ലത്എന്ന് നമുക്ക്തിരഞ്ഞെടുക്കാം. വാഗ്ദത്ത സന്തതിയാകുവാനാണ് നാം തീരുമാനിക്കുന്നതെങ്കിൽദാസിയുടെയുംമകന്റെയും ഉപദ്രവംഉണ്ടാകുംഎന്ന് മറക്കരുത്.

Readഗലാ (4:29,30)

ദാസിയേയുംമകനെയും പുറത്താക്കുക എന്ന ദൈവീക നിർദ്ദേശം അനുസരിക്കുവാൻ നാം തയാറാകുകയാണ്അപ്പോൾവേണ്ടത് (ഗലാ,4:29) ഇന്നത്തെ ആത്മീയലോകത്തിൽ ഭൂരിപക്ഷവുംദാസിയുടെ മക്കളാണോഎന്ന്തോന്നിപ്പോകുംSocialmediaകളിലെ പ്രകടനങ്ങൾ കണ്ടാൽ. സത്യവചനംകൈവശം. വച്ചുകൊണ്ടുതന്നെ, വാഗ്ദത്ത സന്തതിഎന്ന്അഭിമാനത്തോടെ പറയുകയുംദാസിയുടെമകന്റെ പ്രവർത്തിചെയ്യുന്ന ഇവരേയുംകർത്താവ് തകർന്നഹൃയത്തോടെവിളിയ്ക്കും"കപടഭക്തിക്കാരേ"എന്ന് ഇപ്രകാരമുള്ളവരെ പുറത്താക്കുവാനുള്ളധൈര്യംവാഗ്ദത്ത സന്തതികൾക്കുണ്ടാകണം. അതിനാൽ രണ്ട് ഉടമ്പടികളിൽ നല്ലത്തിരഞ്ഞെടുക്കുക. പിതാവ് നമ്മെ നോക്കിസന്തോഷിക്കട്ടെ , നല്ലതീരുമാനം സ്വീകരിപ്പാൻ ദൈവംകൃപചെയ്യട്ടെ.

## <u>പ്രാർത്ഥന</u>

മക്കൾഎന്ന പദവിഅടിയങ്ങൾക്ക് നേടിത്തരുവാൻ സ്വന്തരക്തംവിലയായി നൽകിയദൈവമേ, ആ പദവിദുരുപയോഗംചെയ്യാതെയഥാർത്ഥ അവകാശികളാകുവാൻ ഞങ്ങളെസഹായിക്കേണമേ. വാഗ്ദത്തസന്തതിയായിയജമാനനു വേണ്ടിജീവിപ്പാനുള്ള ഭാഗ്യംതരേണമേ, യേശുവിൻ നാമത്തിൽതന്നെ,

ആമേൻ.

**<u>Santhamma Varghese</u>**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind